**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.234 — 28-05-2019 ൽ മറുപടിയ്ക്ക്

**ബാലുശ്ശേരിയിൽ ഫയർ സ്റ്റേഷൻ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പുരുഷൻ കടലുണ്ടി** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) ബാലുശ്ശേരിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി നൽകിയ നിവേദനത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ; | എ) പ്രസ്തുത നിവേദനം ബാലുശ്ശേരിയിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച സാദ്ധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിനായി വകുപ്പ് മേധാവിയ്ക്ക് നൽകുകയുണ്ടായി.<br>ബാലുശ്ശേരിയിൽ ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനായി പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മരപ്പാലം തല അംഗനവാടിക്ക് സമീപം പനങ്ങാട് വില്ലേജ് റീസർവേ നം.59 ൽ പ്പെട്ട 50 സെന്റ് സ്ഥലം നൽകാമെന്ന് പഞ്ചായത്ത് അധികാരികൾ അറിയിച്ചിട്ടുണ്ട്. |
| ബി) 2018-19 വർഷത്തിൽ എത്ര പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെ ജില്ലകളിലാണെന്നും അറിയിക്കാമോ; | ബി) 2018-19 വർഷത്തിൽ 2 ഫയർ സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്<br>1. അരൂർ (ആലപ്പുഴ)<br>2. നാട്ടിക (തൃശ്ശൂർ) |
| സി) ബാലുശ്ശേരിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുമോ എന്നറിയിക്കാമോ ? | സി) ശാസ്ത്രീയ പഠനം നടത്തി മുൻഗണനാടിസ്ഥാനത്തിൽ സ്ഥാപിക്കേണ്ടതായ ഫയർസ്റ്റേഷനുകളുടെ പട്ടികയിൽ ഉൾപ്പെടുന്ന പക്ഷം, അനുയോജ്യമായ സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ